പതിനാലാം കേരള നിയമസഭ
പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2657 13.03.2020-ൽ മറുപടിക്ക്

ഒടുവള്ളിത്തട്ട്-നടുവിൽ-കുടിയാൻമല റോഡിന്റെ പ്രവൃത്തി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.സി.ജോസഫ് | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ ഒടുവള്ളിത്തട്ട് - നടുവിൽ - കുടിയാൻമല റോഡ് സി.ആർ.എഫ് പദ്ധതിയിൽ എന്നാണ് വർക്ക് ഓർഡർ നൽകിയതെന്ന് വ്യക്തമാക്കുമോ; | (എ) | 03.08.2017-ലാണ് വർക്ക് ഓർഡർ നൽകിയത് |
| (ബി) റോഡിന്റെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തിയാകുമെന്നും അറിയിക്കുമോ; | (ബി) | റോഡിന്റെ ആദ്യത്തെ 3.68 കി.മീ ബി.എം പൂർത്തിയാക്കി (താവൂന്ന് കവല വരെ). താവൂന്ന് കവല മുതൽ വേങ്കുന്ന് കവല വരെ നിരത്ത് വിഭാഗം നടപ്പിലാക്കുന്ന ഹിൽ ഹൈവേയുടെ ഭാഗമായതിനാൽ പ്രസ്തുത ഭാഗം ഒഴിവാക്കിക്കൊണ്ടാണ് സി.ആർ.എഫ് പദ്ധതിയിൽ പ്രവൃത്തി പുരോഗമിച്ചു വരുന്നത്. വേങ്കുന്ന് കവല മുതൽ 8.3 കി.മീ വരുന്ന ബാക്കി ഭാഗം ബി.എം ആരംഭിക്കുന്നതിനുള്ള ഘട്ടത്തിലാണ്. 31.05.2020-നകം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) ഇതുമായി ബന്ധപ്പെട്ട ബൈപ്പാസ് റോഡായ പുലിക്കുരുമ്പ-പുറഞ്ഞാൺ റോഡ് നവീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പുലിക്കുരുമ്പ - പുറഞ്ഞാൺ റോഡ് നവീകരിക്കാനുള്ള പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ